# A Doggish Affair

*(K. M. Japal, IV. B. Com.)*

Most of our stories have a knack of beginning on a Sunday or a rainy afternoon. In my case it is neither. It is today, half past eight in the morning and I am still sprawling on bed. I can bet it isn't a Sunday because father isn't home to poke me with his stick (which never works on me) and then start sprinkling cold water on my face until I climb out from bed, frankly cursing the day ahead. (Can't say why I am so allergic to water on my face). So, today is only one of those other days of the week, and it isn't raining either. I wish it was, for the morning sun which has stolen into my room with its increasing heat, is slapping my face through the window. How I wish that blasted window was put somewhere else! But to close that now would be to get up!

Though the day broke much earlier, it isn't to me, at hand yet. Thus I lie like a log of wood, eyes wide open and in a dilemma – neither willing to get up nor prepared to sleep anymore. My thoughts wander far and wide, pondering over everything that concerns me, cabbages and kings, I think of yesterday and form new decisions that I should carry out from today. It is so pleasant, this state of passiveness. Maybe, this is the time the poets get their inspiration, lying there flat and gazing at the ceiling. Thus I decide that I must finish my work "How To Tell A Lie". Thus I look up and try my hand at poetry too, while I stare at the electric bulb which is burning dimly like a glow-worm in the moonlight. How's that? Did I say burning light? Good gracious, I didn't off the lights last night! And didn't notice that too when I was wakened at about 8 a. m. when Henry licked my face.

Henry of course, is the dog, and according to the neighbourhood, my dog. I see no reason why he shouldn't be theirs as well. For every one of them contributes to his existence as much as I do. And though I had always liked to keep and feed him of my own and not let him be a sort of common property, Henry detests the idea and likes to oblige the whole neighbourhood by visiting them daily at lunch-time. But Henry is such a darling. He is everything that has been said about dogs. So intelligent (if you really know how to test a dog's intelligence) and so brave. There are only two things he is afraid of - a man and a cat. I think there is some secret about that; but he keeps it to himself. Henry believes in howling at night. He thinks that a dog is kept so that he might eat and sleep and howl the nights out. I have never seen a dog so systematic in the job. You can always tell Henry's voice from the rest. It reminds one of the Opera. His vocal refrain is so healthy and steady, rising gradually to the topmost octave, timely punctuated with yells and shrieks, and takes you by surprise with sudden returns to the base. He is so classical in it and never cares whether he receives the neighbours' or the common-folks' appreciation.

Nobody knows from where Henry really came. One fine morning he was given to us by the Tashildar who lived next door. He had to choose between the dog and his

daughter's music. As he related to us, throughout her violin tuition Henry would sit down and howl continuously. But I myself heard her perform on the violin once, and only wondered why the dog didn't bite her.

At one time I tried in vain to teach Henry tricks. But now there is complete understanding between us. Nowadays, whenever I approach him with such an intention, his honest look tells me that I need not waste my time over it. Henry never bothers himself with my orders. He pokes his nose into everything and is all around the house save when I call him. He is always out whenever I bring someone in to see him, and is sure to steal in exactly when I want him out to play.

His tastes are so interesting. Henry loves eating grass. Many a morning he has presented me with a chameleon he just killed. Henry loves people too; he makes no distinction of caste, creed, rank or wealth. Whether it be a prince or a pauper, friend or stranger, he gives them the same warm welcome home. He certainly knows how to win friends and influence people.

Henry never makes any fuss about eating. You don't know how much he is interested in it. Just move your mouth, pretending to eat, and he is sure to dart in from nowhere.

There is nothing he hates so much as a bath. You can never bring Henry and water together. Whenever we mention "bath" to Henry, he just shrinks, puts his tail between his legs and backs out as fast as he can. It doesn't mean he is not brave.

He is game to every challenge hurled at him, and always uses up his spare time fighting other dogs. When Henry meets a stranger–dog, the whole locality learns about it. Once my right hand was nearly severed, trying to interfere in a battle. Henry is held in great respect among his folk.

I had to pay for six chickens of the neighbourhood that Henry killed, One day a person living nearly two miles away brought to me for examination a dead hen which he said was the victim of a beast which had gone all the way with murder in his mind. Twice had I to pay double the tax to release Henry from the Muncipal authorities. But all these have only helped to increase the value of Henry to me.

They say that dogs either bite or bark well. But my Henry isn't particular about either, He doesn't bark. Not that he doesn't know, but doesn't care to. It seems he really barked once, but I was not at home that day and quite missed it. But I am sure he never bites except when he eats; I have always envied Henry's sleeping. No one can beat him at it. At the slightest sound he wakes up and goes to a quieter place to settle down better.

Have you ever seen a dog laugh? Then Henry is it. You should see that silly grin he passes when the chain has slipped and you cannot catch him, especially when you take him for a walk. It is when Henry and I go out together that I know how many dogs there are in the town. Now he will be beside me licking my wrist and showing off his affection, all the time spoiling my white shirt, and then he is not to be seen at all!

"HENRY", I shout until my strength fades away, and then I call him all bad names and then start hunting for him; and there he is – half a mile behind, fooling around a bitch or a lamp-post. Nowadays I am too wise to take him for a stroll.

I have often regretted splitting with a good friend of mine over Henry. He insisted that there is no special name for Henry's breed and ridiculed my idea of registering him at the Kennel Club. I pointed out to my friend that there was nothing so much to laugh at in Henry's shape, when he only laughed the more. Moreover, he called me a fool and almost made me believe that I should not have bought the Kennel at that price to keep Henry in it.

Dogs don't walk it seems, but only trot. I won't take that as a rule; for Henry only crawls and never runs except when he is in danger or someone unknowingly waves a stick.

But why has HENRY been mentioned after all? Oh Yes; he licked my face at about 8 a. m. without any warning, to show me a blood stained chameleon. With all my love for dogs, this I detest most. A dog has no business to clean his master's face. They think we are pleased! Pleased, my foot! I know of a man who had to kill his dog for it. You cannot blame the man; the dog has always his tail to show love. And talking of love, I've found out that it decreases as age increases. For, of late, Henry has been growing more and more impertinent and dis-obedient. He just pretends not to have heard my orders. Perhaps after Laika has flown round and seen a thing or two, dogs think that they should be given equal opportunities. My opinion is "no" with a capital 'N'. Just that a couple of them have been bulletted up doesn't mean a thing. Who said every dog has its day? If you ask me, dogs are dogs and have their place. The old English spirit is sure to be roused against it.

That's too much of HENRY in the morning. High time I got up. Oh, I forgot the lights; they are still burning. Did somebody knock? Its only the dhobi. The dhobi? My, then it IS a Sunday after all and it's past eleven too! Good God! We have class on Sundays.

# പുരാണഗ്രന്ഥം

ഒ. കെ. ബേപ്പൂർ (പ്രി. യു. ക്ലാസ്സ്)

വിരിപൊക്കി ജനലഴികളിലൂടെ ഞാൻ പുറത്തേയ്ക്കു നോക്കി.

അന്ധകാരമയമായ രാത്രി!..........

എങ്ങും ഇരുട്ട്; കൂരാക്കൂരിരുട്ട്! സർവ്വത്ര നിശ്ശബ്ദത പടർന്നുപിടിച്ചിരുന്നു. അറബിക്കടലിന്റെ മാറിൽ തലോടിവരുന്ന മന്ദമാരുതൻ തെങ്ങോലകളിൽ ഇക്കിളിയിടുമ്പോഴുണ്ടാവുന്ന നേരിയ മർമ്മരമല്ലാതെ ആ നിശ്ശബ്ദതയെ ഭേദിക്കാൻ മറ്റൊന്നുമുണ്ടായിരുന്നില്ല. നക്ഷത്രസമൂഹങ്ങൾ ഭൂമിയിലെ നിശ്ശബ്ദതയെ നോക്കി അന്യോന്യം സ്വകാര്യം പറയുകയാണ്. അന്ധകാരനിർഭരമായ ആ രാത്രി ഈ പ്രകൃതിരമണീയമായ കുന്നിൻമുകളിലെ അവസാനരാത്രിയാണ്. നാളെ നേരം പുലർന്നാലെനിക്ക് നാട്ടിൽപോകണം. കോളേജ് പൂട്ടിയിരിക്കുന്നു. ഇനിയെനിക്കിവിടെ നില്ക്കേണ്ടാവശ്യമില്ല. മൂന്നുനാലുകൊല്ലത്തെ—മറക്കാനാവാത്ത പല അനുഭവങ്ങളും ഉണ്ടാക്കിത്തീർത്ത—അതിസുന്ദരമായ ഈ കുന്നിൻമുകളിലെ കോളേജ് ജീവിതത്തിനുശേഷം ഞാനീഗ്രാമത്തോട് യാത്രപറയുകയാണ്...............

നേരം വെളുക്കാൻ ഇനിയും സമയമുണ്ട്. ഒന്നുകൂടി ഉറങ്ങിക്കളയാമെന്ന് കരുതി പുതച്ചുമൂടി കിടക്കയിൽ ചുരുണ്ടു.

പക്ഷെ, അധികനേരമങ്ങിനെ കിടക്കാൻ കഴിഞ്ഞില്ല. നേരം വെളുത്തെന്നറിയിച്ചുകൊണ്ട് കാക്കകളും കിളികളും ശബ്ദങ്ങളുണ്ടാക്കിക്കൊണ്ട് ചിറകിട്ടടിച്ചു പറന്നുപോവാൻ തുടങ്ങി. സൂര്യൻ കിഴക്കൻ ചക്രവാളച്ചെരുവിൽനിന്നും മെല്ലെ തലയുയർത്തി പാരിനെ കടാക്ഷിക്കാൻ വെമ്പിക്കൊണ്ടിരുന്നു. ലോഡ്ജിൽ ആരുംതന്നെ എഴുന്നേററിട്ടില്ല. എല്ലാവരും വസന്നുറക്കിലാണ്. ഇടവിടാതെയുള്ള വായനമൂലം പലരുംതന്നെ ഉറങ്ങിയിട്ട് ദിവസങ്ങൾ കഴിഞ്ഞിട്ടുണ്ടായായി. പലരും ഉറക്കക്ഷീണം ബാധിച്ചവരാണ്. ഞാനുടനെ കിടക്കയിൽനിന്നെഴുന്നേററു.

അടുത്ത ബസ്സിനുതന്നെ നാട്ടിലേയ്ക്കു മടങ്ങണം. വീട്ടിൽ ഉമ്മയും കൊച്ചുപെങ്ങളും എന്റെ വരവും പ്രതീക്ഷിച്ചിരിക്കുകയാവും. കോളേജ് പൂട്ടിയാൽ അന്നുതന്നെ നാട്ടിലെത്തണമെന്ന് ബാപ്പയുടെ എഴുത്തുമുണ്ടായിരുന്നു.

ധൃതിപ്പെട്ട് കുളിച്ചു മററു ദിനചര്യകളെല്ലാം കഴിച്ച് അലക്കുംമാററി ബേഗുമെടുത്ത് ബസ്സ് സ്റ്റോപ്പിലേയ്ക്കു പുറപ്പെട്ടു.

എന്റെ നാടേതാണെന്നോ? കേരളത്തിലെ പ്രകൃതിരമണീയമായ കുഗ്രാമങ്ങളിലൊന്നാണ് എന്റെ നാട്. ചുററും പച്ചപിടിച്ച നെൽവയലുകളാലും, തലയുയർത്തിനില്ക്കുന്ന തെങ്ങിൻതോപ്പുകളാലും പ്രകാശിതമായ എന്റെ ഗ്രാമത്തിന്റെ കിഴക്കേഭാഗത്തിലൂടെ മന്ദമന്ദം കളകളരവം പൊഴിച്ച് പുളച്ചൊഴുകിപ്പോകുന്ന കൊച്ചാർ ആരുടെ ഹൃദയത്തിലാണ് പ്രേമഗാനമങ്കുരിപ്പിക്കാത്തത്? അവയുടെ മീതെ, മാർവ്വിടത്തിൽക്കൂടി കുഞ്ഞലകൾ സൃഷ്ടിച്ച് വാഴുന്ന മനോഹരമായ കൊച്ചുനൗകകൾ!..........

അങ്ങിനെ എല്ലാംകൊണ്ടും പ്രകൃതീദേവിയുടെ അതിമനോഹരവും, ആനന്ദദ്യോതകവുമായ കലാവൈഭവം വാരിച്ചൊരിഞ്ഞ ആ ഗ്രാമപ്രദേശം ആരിലും പുതിയ പുതിയ അനുഭൂതികളുടെ കുഞ്ഞലകൾ സൃഷ്ടിക്കാതിരിക്കയില്ല. ആരും അതിൽ പുളകം പൂണ്ടുപോകും!

അധികസമയം കാത്തുനില്ക്കേണ്ടിവന്നില്ല. ഉടനെ ബസ്സ് വന്നു. ധാരാളം ആളുകളുണ്ട് ബസ്സിൽകയറാൻ. മിക്കവരും കോളേജ് വിദ്യാർത്ഥികൾതന്നെയാണ്. എല്ലാവരുടെ കൈവശവും ബേഗും, പെട്ടിയുമുണ്ട്. എല്ലാവരും ബസ്സിൽകയറി. ഞാനും ഒരു സീററിൽ സ്ഥലം പിടിച്ചു. ഞങ്ങളുടെ കോളേജ് പട്ടണത്തിലല്ല. അതിരമണീയമായ ഒരു വിശാലമായ കുന്നിൻ പുറത്താണ് കോളേജ്. ഒരു ഗ്രാമീണനായ എനിക്കു യോജിച്ച ഒരന്തരീക്ഷംതന്നെയായിരുന്നു കോളേജിലും. ചുററും തലയുയർത്തി സദാ പുകവമിപ്പിച്ചുകൊണ്ടിരിക്കുന്ന ചിമ്മിണിക്കുഴലുകൾ.... വർധിച്ച ഫലഭാരത്താൽ ചുററും തലതാഴ്ത്തിനിൽക്കുന്ന കവുങ്ങിൻതോട്ടങ്ങൾ.......പടന്നു പന്തലിച്ച പിലാവുകളും മാവുകളും ആകപ്പാടെ ഹൃദയാനന്ദകരവും സുഖദയിഷ്ടവുമായൊരു ഗ്രാമപ്രദേശം തന്നെയാണതു്.

ഇങ്ങിനെ ഗ്രാമത്തിൽനിന്നും ഗ്രാമത്തിലേയ്ക്കാണ് എൻെറ യാത്ര.

അതൊരു വല്ലാത്ത ബസ്സാണ്. കുണ്ടുകണ്ടാൽ ചാട്ടം, കയററംകണ്ടാൽ നിലവിളിയും, മററു വല്ല വാഹനവും കണ്ടാൽ ഉച്ചത്തിൽ അലറം, എല്ലാററിനും പുറമെ, വല്ലവരും എവിടെ നിന്നു് കൈകാട്ടിയാലും നിർത്തുകയും ചെയ്യും.

ഞാൻ രണ്ടാമത്തെ സീററിലാണ് സ്ഥലമുറപ്പിച്ചതു്. കോളേജ് വിദ്യാർത്ഥികൾക്കു പുറമെ ഒരുപാട് ചുകന്ന തുണിക്കാരുമുണ്ടാബസ്സിൽ. ഞാൻ ധരിച്ചിരുന്നതെല്ലാം വെള്ളയാണ്.

കോളേജിൽച്ചേരുമ്പോൾ ഞാനും ചുകന്ന തുണികളാണ് ധരിച്ചിരുന്നതു്. പക്ഷെ സാധാരണ എല്ലാവരുടേയും പതിവുപോലെ കോളേജിൽ ചേർന്നപ്പോൾ എൻെറ ജീവിതത്തിനും, ജീവിതസമ്പ്രദായത്തിനും മററു പല പരിവർത്തനങ്ങളും സംഭവിച്ചു. വിവിധ സ്ഥലങ്ങളിൽ നിന്നുവന്ന വിവിധ തരത്തിലുള്ള വിദ്യാർത്ഥികളുമായുള്ള സമ്പർക്കംമൂലം എൻെറ വേഷത്തിലും പെരുമാററത്തിലും ചുരുക്കം ചില പരിവർത്തനങ്ങൾ ഉണ്ടായി.

സാധാരണ തുണിയും ഷർട്ടും ധരിക്കാറുണ്ടായിരുന്ന ഞാൻ പേൻറ്, സ്ലാക്ക്-മുതലായ പല പുതിയ ഫേഷനിലുള്ള ഡ്രസ്സുകൾ ധരിച്ചുതുടങ്ങി. ഇതു് പലപ്പോഴും എൻെറ നാട്ടുകാർക്കും വീട്ടുകാർക്കും എന്നെ തിരിച്ചറിയുന്നതിന്നു വിഷമമുണ്ടാക്കിത്തീർത്തു എന്നുപറഞ്ഞാൽ തെററില്ല.

അങ്ങിനെ ആകപ്പാടെ ഞാൻതന്നെ മാറിയതായെനിക്കു തോന്നി. പല പുതിയ കൂട്ടുകാരും, ഹോസ്റ്റൽജീവിതവും. പോരാത്തതിന്നു സിനിമയും, കോളേജ്ഡെയും എല്ലാം എല്ലാം എന്നിൽ ആനന്ദത്തിൻെറ പൊന്നലകൾ സൃഷ്ടിക്കാതിരുന്നില്ല!

പൊതുവിൽ എൻെറ കോളേജ് ജീവിതം ഉന്മേഷകരവും, ആനന്ദദായകവുമായിരുന്നു!....

ഞാൻ ബസ്സിൽ ഒതുങ്ങിയിരുന്നു. ചുററുമുള്ള സീററുകളിൽ താടിക്കാരും, തലേക്കെട്ടുകാരും, മുഷിഞ്ഞുപഴകിയ വസ്ത്രങ്ങൾ ധരിച്ചിരുന്നവരും. തീരെ വസ്ത്രം ധരിക്കാത്തവരും, സഞ്ചിക്കാരും, മത്സ്യക്കാരും, പൂളക്കാരും.......എല്ലാം ഉണ്ടായിരുന്നു. എനിയ്ക്കവരോടെല്ലാം എന്തെന്നില്ലാത്ത വെറുപ്പുതോന്നി!

തടിയനും ആഫ്കമ്പക്കാരനുമായ കണ്ടക്ടറാണ് ആ ബസ്സിലെ സർവ്വാധിപതി. അയാൾ പറയുന്നതെല്ലാം യാത്രക്കാർ അപ്പടി അനുസരിക്കണം. അയാൾ പറയുന്ന പണം കൊടുക്കണം; ഇഷ്ടമുള്ള സീററിലിരിക്കാൻ പാടില്ല, അതിനുമയാളുടെ ഓർഡർ വേണം.

നാലണ വേണ്ട സ്ഥലത്തേയ്ക്കു് ആറണ വാങ്ങിയാലും ആർക്കും ഒന്നും എതിർമിണ്ടാൻ പാടില്ല. പണമില്ലെങ്കിൽ കയറേണ്ടാ എന്നേ അയാൾ മറുപടി പറയാറുള്ളു. ടിക്കററ് കൊടുത്താലും കൊടുത്തില്ലെങ്കിലും ആർക്കും അതു് ചോദ്യംചെയ്യാൻ പാടില്ല. ചുരുക്കത്തിൽ വല്ലാത്ത ഒരനീതിയാണാബസ്സിൽ!

എന്തുതന്നെയായാലും കണ്ടക്ടറാണ്‌ അതിലെ കമാണ്ടർ. അയാൾക്കു കീഴിലാണ്‌ ഡ്രൈവർകൂടി. അയാൾ പറഞ്ഞാലേ ഡ്രൈവർക്കു ബസ്സുനിർത്താൻ പാടുള്ളൂ. ചിലപ്പോഴെല്ലാം ഇതെന്തൊരനീതിയാണെന്നു ഞാൻ ചിന്തിച്ചുപോകാറുണ്ട്‌. ഇടയ്ക്കു്‌ കണ്ടക്ടർക്ക്‌ ഡ്രൈവറോട്‌ കണക്കിന്‌ കോപിക്കുകയും ചെയ്യും. അപ്പോഴെല്ലാം അഭിമാനക്ഷതം വരാതിരിക്കുവാൻവേണ്ടി കണ്ടക്ടർ മിണ്ടാതിരുന്നുകളയും.

എന്തായാലും ബസ്സ്‌ ഇടക്കിടെ നിർത്തുകയും ഓടിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്‌. ഇനി ബസ്സിൽ സീററില്ല. എല്ലാം ഫുൾ ആയിക്കഴിഞ്ഞു. ഇനിയെങ്കിലും മര്യാദക്ക്‌ പോകുമല്ലോ എന്നു ഞാൻ കരുതി. ഓ; തെററി, പെട്ടെന്നു ബസ്സ്‌ മറെറാരു സ്ഥലത്തുകൂടി നിർത്തി!

രണ്ടാളുകൾകൂടി ബസ്സിനുള്ളിൽ കയറി. ഒന്നൊരു യുവാവും മറെറാന്ന്‌ ഒരു വൃദ്ധനും. എൻെററരികെ അല്പം സീററുണ്ട്‌. അതു്‌ വൃദ്ധൻ കയ്യേറുന്നതിനുമുമ്പായി ഞാൻ യുവാവിനെ അടുത്തേയ്ക്കു്‌ വിളിച്ചു. പക്ഷെ, അയാൾക്കു മറെറാരു സീററുകിട്ടി. അയാൾ അവിടെയിരുന്നു.

വൃദ്ധൻ സീററിനുവേണ്ടി വിഷമിക്കുകയാണ്‌. ഞാൻ കാലയച്ചു സീററു മറച്ചുവെച്ചു. ഒരു വൃത്തിയുള്ള വൃദ്ധനായിരുന്നുവെങ്കിൽ ഞാനയാൾക്കു സീററുകൊടുക്കുമായിരുന്നു.

കീറി, മുഷിഞ്ഞ്‌, വിയർപ്പൊലിച്ച്‌ ചീത്തയായ ഒരു ഷർട്ടാണ്‌ അയാൾ ധരിച്ചിരിക്കുന്നത്‌. പല സ്ഥലത്തും കണ്ടംവെച്ചിരിക്കുകയും ചെയ്തിരിക്കുന്നു. ആകപ്പാടെ ആ കണ്ടംവെച്ച ഷർട്ടുകാരനെ എനിക്കു പിടിച്ചില്ല.

ഇനി അയാളുടുത്ത മുണ്ടിൻെറ കഥ പറയാതിരിയ്ക്കുയാണ്‌ ഭേദം. ചെളിയും നീരും നിറഞ്ഞ്‌ കലകൾ നിർമ്മിച്ച അറപ്പുതോന്നിപ്പിക്കുന്ന മുണ്ട്‌! അതുതന്നെ കരിയിൽ മുക്കിയെടുത്തതാണോയെന്നൊരു സംശയം അതു കാണുന്ന ആർക്കുമുണ്ടാവാതിരിക്കയില്ല.

കാലുറുപ്പിക വട്ടത്തിലും, അരയുറുപ്പിക വട്ടത്തിലും ഒരുറുപ്പിക വട്ടത്തിലുമുള്ള വ്രണങ്ങൾ അയാളുടെ ദേഹത്തിൽ കുറവല്ല. അവയിൽനിന്നെല്ലാം നീരു്‌ പൊട്ടിയൊലിക്കുന്നു. ദുർഗ്ഗന്ധവും വമിക്കുന്നു. ആകപ്പാടെ ആ മനുഷ്യനെ കണ്ടപ്പോൾതന്നെ എനിക്കു ഛർദ്ദിക്കാൻ വന്നു. ആ ബസ്സിൽ കയറേണ്ടിയില്ലായിരുന്നു എന്നുകൂടി തോന്നി.

''കണ്ടക്ടർ, എവിടെയാണ്‌ ഞാനിരിക്കുന്നതു്‌.'' അയാൾ ചോദിച്ചു.

''അതാ അവിടെ കുറച്ചു സ്ഥലമുണ്ട്‌. അവിടെ ചെന്നിരിക്കു.'' കണ്ടക്ടർ ഞാനിരിക്കുന്ന സ്ഥലത്തേക്കു ചൂണ്ടിക്കാട്ടി പറഞ്ഞു. എൻെറ അറപ്പും മുഷിപ്പും വർദ്ധിച്ചു.

നിർഭാഗ്യമെന്നു പറയട്ടെ, കണ്ടക്ടറത്‌ പറയാനിടയില്ല, ഉടനെ അയാളെൻെറടുത്ത്‌ വന്നിരുന്നു. ഞാനൊന്നമർന്നൊതുങ്ങിയിരുന്നു. എനിക്ക്‌ ആകപ്പാടെ വല്ലാത്തൊരു മുഷിപ്പു തോന്നി. എനിക്കയാളോട്‌ ഇഞ്ചിചവച്ചപോലെ ഈറ തോന്നി. ആരോടെന്നില്ലാത്ത, എന്തിനോടെന്നില്ലാത്ത ഈറ–കോപംകൊണ്ട്‌ ഞാൻ പല്ലിറുമ്മി. എല്ലാംകൂടി ജീവിക്കാതിരിക്കയായിരുന്നു ഇതിനേക്കാൾ ഭേദം എന്നുകൂടി തോന്നി. സങ്കടവും കോപവും നിരാശയും!

അയാൾ മാത്രമല്ല. അയാളുടെ കയ്യിൽ പഴകിജീർണ്ണിച്ച ഒരു സഞ്ചിയുമുണ്ട്‌. എല്ലാംകൂടി വീർപ്പുമുട്ടുകയാണോയെന്നുതന്നെ ഞാൻ സംശയിക്കാതിരുന്നില്ല

ഞാൻ കണ്ണുംപൂട്ടി അടങ്ങി മുഖം തിരിച്ചിരുന്നു. ഈ ഹലാക്കുവന്നു കയറിയതോടുകൂടി ബസ്സ്‌ മൈൽ ഒന്നിനു്‌ രണ്ടുമണിക്കൂർ സമയമെടുക്കുന്നുവെന്നുകൂടി എനിക്കു തോന്നി.

എൻെററരികെ വന്നിരുന്നടനെതന്നെ അയാളെന്നോടു പല വർത്തമാനങ്ങളും ചോദിച്ചു. ഞാനൊന്നിനും മിണ്ടിയില്ല നിർത്താതെ വീണ്ടും വീണ്ടും അയാളോരോന്നു പറഞ്ഞുകൊണ്ടിരുന്നു. അവസാനം എൻെറ കുടുംബത്തെക്കൂടി അയാളറിയും എന്ന നിലവരെയെത്തി.

മററുള്ള യാത്രക്കാരുടെ വർത്തമാനങ്ങളിൽനിന്നും ഈ വന്നുകയറിയ വൃദ്ധനൊരു പുരാണ ഗ്രന്ഥമാണെന്നു ഞാൻ വിശ്വസിച്ചു. ഏതു പുരാണഗ്രന്ഥമായാലും എനിക്കയാളെ കൺമുമ്പിൽ കണ്ടുകൂടാ.

അയാൾ ബാപ്പയെക്കുറിച്ചും, പ്രവൃത്തിയെക്കുറിച്ചും, കുടുംബങ്ങളെക്കുറിച്ചും, എന്നെപ്പററിയും പലതും ചോദിച്ചു. ഞാനൊരു ചോദ്യത്തിനും മറുപടി പറഞ്ഞില്ല. ഞാൻ മുഖം തിരിച്ചിരുന്നുകളഞ്ഞു. ഒരക്ഷരംപോലും എനിക്കയാളോട്ട് സംസാരിക്കാൻ മനസ്സുവന്നില്ല.

കണ്ടക്ടർ അയാളോട്ട് ബസ്സുചാർജ്ജ് ചോദിച്ചു:

“നാലേകാലണ.”

“നാലണ പോരെ, എന്റെടുത്ത് അതേള്ളു” വൃദ്ധൻ പറഞ്ഞു.

“നിങ്ങളുടെ ഇഷ്ടത്തിനല്ല ബസ്സോടിക്കുന്നത്, നാലേകാലണ കൊടുക്കു. അല്ലെങ്കിൽ ഇറങ്ങിക്കളയു.” കണ്ടക്ടർ ദേഷ്യഭാവത്തിൽ പറഞ്ഞു.

“ഇറങ്ങിക്കളയു” എന്ന കണ്ടക്ടരുടെ വാക്കുകേട്ടപ്പോൾ ഞാൻ സന്തോഷിച്ചു. പക്ഷെ അയാൾ ഇറങ്ങുന്ന മട്ടില്ല. കാലണ അയാൾ പലരോടും ചോദിച്ചു. കിട്ടിയില്ല. കണ്ടക്ടർക്ക് ദേഷ്യം പിടിച്ചു. എനിക്കു സന്തോഷവും വന്നു.

ഒടുവിൽ തിരിഞ്ഞിരിക്കുന്നു-എന്റെടുത്തേക്ക്. കാലണക്കുവേണ്ടി പല ലോഹ്യവും പറഞ്ഞു. ഞാൻ കൊടുത്തില്ല. കഴിയുന്നതും വേഗത്തിൽ ഇറങ്ങിപ്പോകട്ടെ എന്നുതന്നെ ഞാൻ വിചാരിച്ചു.

ഒടുവിൽ ആരോ കാലണകൊടുത്തു. എനിക്കാ കാലണ കൊടുത്ത മനുഷ്യനോട്ട് ദേഷ്യം വന്നു. ഞാൻ മിണ്ടിയില്ല. ഏതായാലും എനിക്കിറങ്ങാറായിട്ടുണ്ട്. അടങ്ങിയൊതുങ്ങി അവിടെതന്നെയിരുന്നു. എനിക്കയാളെ നോക്കുവാൻകൂടി അറപ്പുതോന്നി.

പെട്ടെന്ന് ബസ്സുനിന്നു. എല്ലാവരും ഇറങ്ങി. ഞാനും ഇറങ്ങി. ഞാൻ വേഗത്തിൽ വീട്ടിലേയ്ക്കു നടന്നു. എന്റെ കയ്യിൽ ഒരു ഹാൻറ് ബേഗുണ്ട്. അതുമായി വേഗം യാത്രയായി.

പിന്നെയും വന്നല്ലോ ഗുലുമാല്. അതാ-ആ വൃദ്ധൻ വന്നിരിക്കുന്നു. “സഞ്ചി ഞാൻ കയ്യിൽ പിടിച്ചോളാം. കുഞ്ഞി കുഴങ്ങണ്ട.” എനിക്കു ദേഷ്യംവന്നു. ഞാൻ മിണ്ടിയില്ല. വേഗം വേഗം നടന്നു.

വീട്ടിന്റെ പടിക്കലെത്തിയപ്പോൾ ഞാനൊന്നു തിരിഞ്ഞുനോക്കി. ആ പുരാണഗ്രന്ഥമുണ്ട് പിന്നെയും എന്റെ പിന്നാലെ. ഞാൻ കാണാത്ത ഭാവത്തിൽ വീട്ടിനുള്ളിലേയ്ക്കു കടന്നു. വീട്ടിലെത്തിയിട്ടും എനിക്കയാളോടുള്ള ദേഷ്യം തീർന്നിരുന്നില്ല.

ഉമ്മ ചായകൊണ്ടുവന്നു. ഞാൻ ചായ കുടിച്ചു. ചായ കുടിക്കുന്നതിനിടയിൽ ഉമ്മയും ഞാനും പല വർത്തമാനങ്ങളും പറഞ്ഞു. ചായകുടിച്ചു കൈകഴുകാൻവേണ്ടി ഞാൻ പുറത്തേയ്ക്കു പോയി.

ഓ-ആ പുരാണഗ്രന്ഥമുണ്ട് കസാലയിലിരിക്കുന്നു. അടുത്തുതന്നെ ബാപ്പയും. അവർ ഒന്നിച്ചിരുന്നു ചായ കഴിക്കുകയാണ്. ബാപ്പയുടെ ഒരു പഴയ സ്നേഹിതനാണുപോൽ അയാൾ.

അവർ തമ്മിൽ പലതും സംസാരിക്കുന്നതിന്നിടയിൽ ബാപ്പപറഞ്ഞു: “ഇനി നിങ്ങൾ എങ്ങും അലഞ്ഞുതിരിഞ്ഞു നടക്കണ്ട. ഇവിടെ തന്നെ താമസിച്ചുകൊള്ളുക.”

ഇതുകേട്ടപ്പോൾ എനിക്കു ദേഷ്യംവന്നു. ഞാൻ മിണ്ടിയില്ല. ബാപ്പയുണ്ടെന്റെ മുഖത്തേയ്ക്കു നോക്കുന്നു.